**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

Circular No.271

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

We have set apart Wednesday, 21st December to remember and thank God for the arrival of St. Thomas the Apostle in India with the mission of our Lord Jesus Christ and to pray for the Church. We observe this day as the 'Church Day'. Let us praise God for the Malankara Mar Thoma Syrian Church, a part of the Universal Church, and for the fundamental values of the Church. As far as possible, every parish should arrange the Holy Communion Service on that day. It will be appropriate for parishes to organize meetings on the occasion either by themselves or in co-operation with others.

May God help us to dedicate ourselves fully to believe in the Lord and to carry out the will of God in the manner of St. Thomas the Apostle, who confessed his faith before the Lord, saying, "My Lord and my God".

As the offertory on the Church Day is earmarked for the St. Thomas Episcopal Fund of the Church, the same must be promptly remitted to the Sabha Office.

Let us dedicate ourselves so that the Church, called to be salt to the earth and light to the world, may go forward in its Christian witness in submission to the will of God. We must pray all the more for receiving the power of the Holy Spirit needed for this.

Grace be with you all.

Dated 18th October 2016 from the Poolatheen, Tiruvalla

Dr. Joseph Mar Thoma Metropolitan

# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 271

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൗത്യവുമായി വിശുദ്ധ തോമാ ശ്ലീഹാ ഭാരതത്തിൽ വന്നത് ഓർത്ത് സ്തോത്രം ചെയ്യുന്നതിനും സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനുമായി ഡിസംബർ 21-ാം തീയതി ബുധനാഴ്ച നാം സഭാദിനമായി വേർതിരിച്ചിരിക്കുകയാണല്ലോ. സാർവത്രിക തിരുസഭയുടെ ഭാഗമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും, സഭയുടെ അടിസ്ഥാന മൂല്യങ്ങൾക്കായും ദൈവത്തെ സ്തുതിക്കാം. കഴിവതും എല്ലാ ഇടവകകളിലും അന്നേദിവസം വിശുദ്ധ കുർബാന ശുശ്രൂഷ ക്രമീകരിക്കണം. ഇടവക തനിയെയോ, അടുത്തുള്ള ഇടവകകൾ ചേർന്നോ, അന്ന് പ്രത്യേക മീറ്റിംഗ് സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും.

“എന്റെ കർത്താവും എന്റെ ദൈവവുമേ” എന്ന് കർത്താവിന്റെ മുമ്പിൽ വിശ്വാസം ഏറ്റു പറഞ്ഞ വിശുദ്ധ തോമസ് അപ്പോസ്തലനെപ്പോലെ കർത്താവിൽ വിശ്വസിക്കുന്നതിനും ദൈവഹിതം നിവർത്തിക്കുന്നതിനും പരിപൂർണ്ണമായി സമർപ്പിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സഭാദിനത്തിലെ സ്തോത്രകാഴ്ച സഭയുടെ സെന്റ്തോമസ് എപ്പിസ്ക്കോപ്പൽ ഫണ്ടിലേക്ക് വേർതിരിച്ചിട്ടുള്ളതാകയാൽ, ആയത് താമസംവിനാ സഭാ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

ഭൂമിക്ക് ഉപ്പും ലോകത്തിന് വെളിച്ചവും ആയിരിപ്പാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭ, ക്രിസ്തീയ സാക്ഷ്യത്തിൽ പുരോഗമിക്കുവാൻ ദൈവഹിതത്തിന് വിധേയപ്പെട്ട് നമ്മെത്തന്നെ സമർപ്പിക്കാം. അതിനാവശ്യമായ പരിശുദ്ധാത്മശക്തി കൂടുതലായി ലഭിക്കുവാൻ നാം പ്രത്യേകം പ്രാർത്ഥിക്കണം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2016 ഒക്ടോബർ 18–ാം തീയതി,

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ